**Weekly Devotion - June 2018**

# Broken heart ( തകർന്ന ഹൃദയം)

A broken heart is a common metaphor used to describe the intense emotional pain or suffering.




സുവിശേഷ വേലയുടെ ആരംഭകാലഘട്ടത്തിൽ കഷ്ടതയും അവിടെ ദൈവം ചെയ്ത അത്ഭുതവും കണ്ണുകൊണ്ട് കാണുവാനും കൃപലഭിച്ച ഒരു കർത്തൃദാസന്റെ വാക്കുകൾ രേഖപ്പെടുത്തട്ടെ. ഒരു പ്രത്യേക മീറ്റിംഗിനായി പോകുവാൻ തയാറാകുമ്പോൾ അദ്ദേഹത്തോട് ഭാര്യ പറഞ്ഞു, അരി തീർന്നു പോയി വിശപ്പടക്കാൻ മക്കൾക്ക് എന്ത് കൊടുക്കും. ഒരു നാണയത്തുട്ടുപോലും കൈവശം ഇല്ലാത്ത അദ്ദേഹം തകർന്നു എങ്കിലും, കേട്ട വാക്കിന് മറുപടി പറഞ്ഞത് പ്രത്യാശയുടെ വാക്കുകൾ ആയിരുന്നു, ദൈവം കരുതും. തുടർന്ന് മക്കളുടെ കരങ്ങൾ പിടിച്ച് കതകടച്ച് ദൈവദാസൻ പ്രാർത്ഥിച്ചു. പ്രാർത്ഥന കഴിഞ്ഞ് കണ്ണു തുടച്ച് എഴുന്നേല്ക്കുവാൻ ശ്രമിച്ചപ്പോൾ വാതിക്കൽ മുട്ടുകേട്ട് നോക്കിയപ്പോൾ ഒരു ചാക്ക് അരി അവിടെ വച്ച് ഒരാൾ മടങ്ങുവാൻ ശ്രമിക്കുന്നതു കണ്ടു. കാര്യം തിരക്കിയപ്പോൾ അറിഞ്ഞത് തലേ ദിവസം കൊണ്ടുവന്ന നെല്ല് കറന്റ് ഇല്ലാത്തതിനാൽ രാവിലെ കുത്തി അരിചാക്കിലാക്കി തന്ന് സഹായിച്ചതിന് നന്ദി പറഞ്ഞ് ഇറങ്ങുമ്പോൾ ദൈവാത്മാവ് ആവശ്യപ്പെട്ടു ഒരു ചാക്കരി ഇവിടെ തരു

വാൻ. പിന്നീട് ദാതാവ് മനുഷ്യൻ അവിടെ നിന്നില്ല, വേഗം പോയി. തകർന്ന ഹൃദയത്തിന് മറുപടി തന്ന ദൈവം എത്ര മഹാൻ.

ഹൃദയത്തിൽ വേദന ഏറ്റെടുത്തവനു മാത്രമേ ആ വേദനയുടെ ആഴം അറിയുകയുള്ളൂ ഗദ്ശമനയിൽ പ്രാർത്ഥിപ്പാൻ എത്തിയ യേശുവിന്റെ വാക്കുകൾ ശ്രദ്ധിക്കാം. മത്താ : (26:38) ൽ മരണവേദനപോലെ അതി ദു:ഖിതമായ ഹൃദയം എന്ന് കാണാം. പ്രാർത്ഥിപ്പാൻ കൂടെകൂട്ടിയവർ ഉറങ്ങുമ്പോഴും '3' പ്രാവശ്യം പിതാവിന്റെ മുൻപിൽ മുട്ടുകുത്തി തന്റെ സങ്കടം ഇറക്കിവച്ച പുത്രന്റെ വിയർപ്പ് നിലത്തു വീഴുന്ന ചോരത്തുള്ളിപോലെ ആയിരുന്നു എന്ന് ലൂക്കോ : (22:44) ൽ കാണുന്നു. ഈ തകർച്ച അനുഭവിച്ച നീതിമാന് ശാരീരിക പീഡനം, പരിഹാസം, നിന്ദ, എല്ലാം സഹിക്കേണ്ടി വന്നപ്പോഴും ഉപദ്രവിച്ചവർക്കു വേണ്ടി പ്രാർത്ഥിച്ചു. ഈ നീതിമാൻ എത്ര നല്ലവൻ.

"നീതിമാനും, നേരുള്ളവനും" എന്ന് ദൈവം സാക്ഷ്യപ്പെടുത്തിയ ഇയ്യോബ് സന്തുഷ്ടഹൃദയത്തിൽ നിന്ന് തകർന്നഹൃദയത്തിലേക്ക് നിപതിക്കുവാൻ കാരണം സാത്താനാണ്. ദൈവം കെട്ടി സൂക്ഷിച്ചവന്റെ വേലി തകർത്ത് അവനെക്കൊണ്ട് പാപം ചെയ്യിക്കുക എന്നതാണ് സാത്താന്റെ ജോലി. ഇയ്യോബിനെ തകർത്ത് തരിപ്പണമാക്കി ദൈവത്തെ ദുഷിപ്പിക്കാമെന്ന് കരുതിയവന് തെറ്റിപ്പോയി. മക്കളും, മൃഗസമ്പത്തും ആരോഗ്യവും നഷ്ടപ്പെടുത്തിയിട്ടും ഇയ്യാബ് ആധരങ്ങളാൽ പാപം ചെയ്തില്ല. ഭാര്യയും സുഹൃത്തുക്കളും മാനസിക തകർച്ചയിലാക്കിയിട്ടും താൻ പഠിച്ച പാഠം അവൻ വിളിച്ചു പറഞ്ഞു " ഞാൻ നിന്നെക്കുറിച്ച് ഒരു കേൾവിമാത്രമേ കേട്ടിരുന്നുള്ളൂ ഇപ്പോഴോ എന്റെ കണ്ണാൽ നിന്നെ കാണുന്നു. ഇയ്യോബ് തന്റെ സ്നേഹിതർക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ യഹോവ അവന്റെ പിൻകാലത്തെ, മുൻകാലത്തേക്കാൾ അനുഗ്രഹിച്ചു.app

## Four Biblicalsecrets to heal brokenheart

ബഹുമാന്യനായ Rutherford ന്റെ അഭിപ്രായത്തിൽ യാക്കോബിന്റെ, ലേഖനം ഒരു smartphone ആയി കരുതിയാൽ തകർന്നഹൃദയത്തെ നന്നാക്കുന്ന '4app' കൾ അതിലുണ്ട്.

(1) Surrender to the proper authority (യാക്കോ:4:7)

ഒരിക്കൽ ഒരു സ്ത്രീ ഓസ്വാൾഡ് ചെയ്മ്പേഴ്സ് എന്ന ഭക്തന്റെ അടുക്കൽ ചെന്ന് ചില പ്രശ്നങ്ങളെഷറ്റി പറയുവാനുണ്ടെന്ന് പറഞ്ഞു. നിങ്ങൾ യേശുവിനോട് ഈ വിഷയങ്ങളെഷറ്റി സംസാരിച്ചോ എന്ന ചോദ്യത്തിന് ഇല്ല എന്നവർ മറുപടി നൽകി. എന്നാൽ ആദ്യം ചെയ്യേണ്ടത് ദൈവമുമ്പാകെ എത്തി വിവരം ധരിപ്പിക്കുക എന്ന പ്രവർത്തിയാണ് അപ്രതീക്ഷിത സംഭവങ്ങൾ നടന്നപ്പോൾ ഇയ്യോബ് ചെയ്തത്, എഴുന്നേറ്റ് വസ്ത്രം കീറി, തലചിരെച്ച് സാഷ്ടാംഗം വീണ് പ്രാർത്ഥിക്കുകയായിരുന്നു യാക്കോ :(4:7) ൽ പറയുന്നു ദൈവത്തിന് കീഴടങ്ങുവിൻ എന്ന്. എങ്ങനെയാണ് കീഴടങ്ങേണ്ടത്? വചനം കണ്ടെത്തി ഭക്ഷിച്ച് ഹൃദയത്തിൽ സംഗ്രഹിച്ച് ദൈവകല്പനകൾ അനുസരിച്ച് പ്രാർത്ഥനയോടെ ജീവിക്കുന്നതാകുന്നു.

Read-യോഹ: (10:10)

2. cleansin out of your lives (യോഹ:4:8)

കർത്താവിന്റെ സന്നിധിയിൽ താഴുകയും, ഹൃദയത്തെയും കൈകളെയും ശുദ്ധീകരിക്കുകയും ചെയ്യണം. ദൈവത്തോട് അടുത്തു ചെന്ന് തകർന്നഹൃദയത്തോടെ പ്രാർത്ഥിക്കുന്നവർക്ക് പാപമോചനം ലഭിക്കുന്നു.

Read-1 യോഹ: (1:9)

3. Don’t slander others(യാക്കോ:4:11)

Slander means – false statements to damge a person’s reputation.

സഹോദരനെ ദുഷിക്കുന്നവൻ ന്യായപ്രമാണത്തെ ദുഷിക്കുന്നു. യേശു പരിഹസിച്ചവർക്കു വേണ്ടി പ്രാർത്ഥിച്ചു വിമർശിക്കുകയോ കുറ്റം പറയുകയോ ചെയ്തില്ല. അതുപോലെ സ്തേഫാനോസും തന്നെ കല്ലെറിഞ്ഞവരുടെ പാപം ക്ഷമിക്കണേ എന്നാണ് പറഞ്ഞത് അവരെ ദുഷിക്കുകയല്ല ചെയ്തത്. നമ്മുക്ക് ഇപ്രകാരം സാധിക്കുമോ?

4. Give grace instead of judgement (യാക്കോ:4:12)

ആരെയും വിധിപ്പാൻ നമ്മുക്കധികാരം ഇല്ല. വിധിപ്പാനും രക്ഷിപ്പാനും അധികാരമുള്ള കൃപാനിധിയുടെ അടുക്കൽ എത്തിക്കുക മാത്രമാണ് നമ്മുടെ ജോലി. നാം വിധിക്കുന്ന വിധിയാൽ നമ്മെയും വിധിക്കുമെന്ന് മറക്കരുത്.

Read യോഹ:(7:24)

ഈ'4 app'കൾ പ്രായോഗികതലത്തിൽ സ്വീകരിച്ചാൽ നമ്മുടെ തകർന്നഹൃദയം ശരിയാകുന്നു. തകർന്ന ഹൃദയത്തിന്റെ മുറികളിൽ ഒന്നുപോലും നഷ്ടമാകാതെ യേശുവിന്റെ അടുക്കൽ എത്തിച്ചാൽ ഈ വൈദ്യൻ സകല തകർച്ചയും മാറ്റും. അതിനായി ഒരുങ്ങുക ദൈവം നിങ്ങളെ ബലപ്പെടുത്തട്ടെ.

*Santhamma Varghese*

*Website: www.biblestudy.co.in*
*Email: biblestudy.co.in@gmail.com*

*Facebook: https://www.facebook.com/biblestudyind*